**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4119** **03-03-2023 - ൽ മറുപടിയ്ക്ക്**

**ഏകീകൃത പൊതുസർവ്വീസിലെ സ്ഥലംമാറ്റങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഏകീകൃത പൊതുസർവ്വീസിന്റെ ഭാഗമായുള്ള വകുപ്പുകൾക്കിടയിലുള്ള ( ഇന്റർ - ഡിപ്പാർട്ട്മെന്റൽ ട്രാൻസ്ഫേർസ് ) സ്ഥലമാറ്റങ്ങൾ ഏത് വിധത്തിൽ നടത്തുന്നതിനാണ് നിലവിൽ നിശ്ചയിച്ചിട്ടുള്ളത്; | (എ) | പൊതു സർവ്വീസിലെ ജീവനക്കാരുടെ പുനർവിന്യാസം 2023-ലെ പൊതു സ്ഥലംമാറ്റത്തിന്റെ ഭാഗമായി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. പൊതു സർവ്വീസിന്റെ വിശേഷാൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഇന്റർ ട്രാൻസ്ഫറബിലിറ്റി തദ്ദേശ സ്വയംഭരണ വകുപ്പിൽ നടപ്പിലാക്കുന്നതാണ്. സ്ഥലംമാറ്റ നടപടികൾ ഓൺലൈനായി നിർവ്വഹിക്കുന്നതിനായി ഒരു പൊതു കമ്പ്യൂട്ടർ ആപ്ലിക്കേഷൻ തയ്യാറാക്കുന്നതിന് Information Kerala Mission നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ആപ്ലിക്കേഷൻ തയ്യാറാക്കുന്നതിലേക്കായി ജീവനക്കാരുടെ incumbency വിവരങ്ങൾ ശേഖരിച്ചുവരുന്നു. കമ്പ്യൂട്ടർ ആപ്ലിക്കേഷൻ തയ്യാറാകുന്ന മുറയ്ക്ക് ജീവനക്കാർക്ക് ഇന്റർ ട്രാൻസ്ഫറബിലിറ്റി പ്രായോഗികമാക്കി പൊതു സ്ഥലംമാറ്റം നടത്തുന്നതാണ്. പൊതു സർവ്വീസിലെ എല്ലാ വിഭാഗങ്ങൾക്കും ബാധകമായ സ്ഥലംമാറ്റ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ തലത്തിൽ പുറപ്പെടുവിക്കുന്നതാണ്. |
| (ബി) | ഇതിനായി പ്രത്യേക മാനദണ്ഡങ്ങളോ മാർഗ്ഗനിർദേശങ്ങളോ കമ്പ്യൂട്ടർ അപ്ലിക്കേഷനുകളോ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | പൊതു സർവ്വീസിലെ ജീവനക്കാരുടെ പുനർവിന്യാസം 2023-ലെ പൊതു സ്ഥലംമാറ്റത്തിന്റെ ഭാഗമായി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. പൊതു സർവ്വീസിന്റെ വിശേഷാൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഇന്റർ ട്രാൻസ്ഫറബിലിറ്റി തദ്ദേശ സ്വയംഭരണ വകുപ്പിൽ നടപ്പിലാക്കുന്നതാണ്. സ്ഥലംമാറ്റ നടപടികൾ ഓൺലൈനായി നിർവ്വഹിക്കുന്നതിനായി ഒരു പൊതു കമ്പ്യൂട്ടർ ആപ്ലിക്കേഷൻ തയ്യാറാക്കുന്നതിന് Information Kerala Mission നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ആപ്ലിക്കേഷൻ തയ്യാറാക്കുന്നതിലേക്കായി ജീവനക്കാരുടെ incumbency വിവരങ്ങൾ ശേഖരിച്ചുവരുന്നു. കമ്പ്യൂട്ടർ ആപ്ലിക്കേഷൻ തയ്യാറാകുന്ന മുറയ്ക്ക് ജീവനക്കാർക്ക് |

| | | | |
|---|---|---|---|
| | | | ഇന്റർ ട്രാൻസ്ഫറബിലിറ്റി പ്രായോഗികമാക്കി പൊതു സ്ഥലംമാറ്റം നടത്തുന്നതാണ്. പൊതു സർവ്വീസിലെ എല്ലാ വിഭാഗങ്ങൾക്കും ബാധകമായ സ്ഥലംമാറ്റ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ തലത്തിൽ പുറപ്പെടുവിക്കുന്നതാണ്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് വകുപ്പ് തലത്തിലോ സർക്കാർ തലത്തിലോ സർവ്വീസ് സംഘടനാ തലത്തിലോ പ്രത്യേക മീറ്റിംഗുകളോ കൂടിയാലോചനകളോ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ; | (സി) | ഇതുമായി ബന്ധപ്പെട്ട് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വകുപ്പ് തലവൻമാരുമായി 27.02.2023 ന് കൂടിയാലോചന നടത്തിയിട്ടുണ്ട്. സർവ്വീസ് സംഘടനകളുമായുള്ള ചർച്ച 02.03.2023 ന് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | വകുപ്പ് തല സ്ഥലമാറ്റങ്ങളിൽ ഏകീകൃത പൊതു സർവ്വീസിന്റെ ഭാഗമായ സ്റ്റേറ്റ്/സബോർഡിനേറ്റ് സർവ്വീസിലെ മുഴുവൻ തസ്തികകളിലേയും എല്ലാ ജീവനക്കാർക്കും നഗര-ഗ്രാമ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഓഫീസുകളിൽ ഒരു നിശ്ചിത കാലയളവിൽ നിർബന്ധിത സേവനം റൊട്ടേഷൻ അടിസ്ഥാനത്തിൽ ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | പൊതു സർവ്വീസിലെ എല്ലാ വിഭാഗങ്ങൾക്കും ബാധകമായ സ്ഥലംമാറ്റ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും തയ്യാറാക്കുമ്പോൾ ഈ വിഷയം കൂടി പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |
| (ഇ) | എങ്കിൽ അത് എപ്രകാരമാണ് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ? | (ഇ) | പൊതു സർവ്വീസിലെ എല്ലാ വിഭാഗങ്ങൾക്കും ബാധകമായ സ്ഥലംമാറ്റ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും തയ്യാറാക്കുമ്പോൾ ഈ വിഷയം കൂടി പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ